2014-15, 2015-16 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ടെക്നോളജി ഇന്നൊവേഷൻ ഫണ്ട് പദ്ധതിക്കായി 70 ലക്ഷം രൂപ വീതവും ഷെൽട്ടർ ഫണ്ടിലേക്ക് 1 കോടി രൂപയും വകയിരുത്തിയിരുന്നുകയുണ്ടായി. ഈ തുക അനുവദിച്ചിട്ടില്ല.

മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാരുടെ വിദേശ യാത്രകളുടെ വിവരം

87 (1913) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ ഏതെല്ലാം ആവശ്യങ്ങൾക്കായാണ് വിദേശ യാത്രകൾ നടത്തിയതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യാത്രയിലൂടെ കേരളത്തിനുണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹു. സഹകരണ വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ ഒഴികെയുള്ള മന്ത്രിമാരും മുഖ്യമന്ത്രിയും ഔദ്യോഗികവും സ്വകാര്യവുമായ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് വിദേശയാത്രകൾ നടത്തിയിട്ടുണ്ട്.

(ബി) വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വിദേശ രാജ്യങ്ങൾ പിന്തുടരുന്ന ആധുനികരീതികൾ മനസ്സിലാക്കുന്നതിനും അനുയോജ്യമായവ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സ്കീം

88 (T1914) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സ്കീമിൽ 2014-15-ൽ ആകെ എത്ര രൂപ അനുവദിച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ഏത് ഫണ്ടിൽ നിന്നാണ് ഇതിനുള്ള തുക അനുവദിച്ചതെന്നും പട്ടികജാതി വകുപ്പിന്റെ ഫണ്ടിൽ നിന്നും ഇതിനായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly